RCS/5392/2021-MP(3)

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : **15.11.2021**

## സർക്കുലർ നമ്പർ: 47/2021

വിഷയം :-സഹകരണ വകുപ്പ് - മാർക്കറ്റിംഗ് -കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസിംഗ് &മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) ന്റെ പ്രവർത്തനത്തിനാവശ്യമായ മൂലധനം സംഭരിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്നും ഓഹരി സമാഹരണത്തിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന :-
1. സംഘം പ്രമോട്ടിംഗ് കമ്മിറ്റിയുടെ 30.09.2021 തീയതിയിലെ 4-ാം നമ്പർ തീരുമാനം.
2. സംഘം ഓണററി സെക്രട്ടറിയുടെ 25.10.2021 തീയതിയിലെ അപേക്ഷ.
3. കോട്ടയം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 30.10.2021 തീയതിയിലെ എച്ച്.എം./878/2021 നമ്പർ കത്ത്.

******

സംസ്ഥാനത്ത് പാലക്കാട് ജില്ല ഒഴികെ മുഴുവൻ ജില്ലകളിലും പ്രവർത്തന പരിധിയായി, കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കോട്ടയം ആസ്ഥാനമായി "കേരള പാഡി പ്രൊക്യുർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS)" 2021 ആഗസ്റ്റ് 27 ന രജിസ്റ്റർ ചെയ്തു നിലവിൽ വന്നിട്ടുണ്ട്. 2021 ലെ ബഹു. ഗവർണറുടെ നയപ്രഖ്യാപനത്തിലും സഹകരണ വകുപ്പിന്റെ 100 ദിന പദ്ധതികളിലും ഉൾപ്പെട്ടത് പ്രകാരം രൂപീകൃതമായ ടി സംഘത്തിൽ 1000 രൂപ വിലയുള്ള 2000000 'എ' ക്ലാസ്സ് ഓഹരി തുകയായ 200 കോടി ഉൾപ്പടെ സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 310 കോടി രൂപയാണ്.

സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ, സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിയ്ക്കുക, കേരള സംസ്ഥാനത്തെ കർഷകരിൽ

നിന്നും നെല്ല് സംഭരിച്ച് സംസ്കരിക്കുക, കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ സ്ഥാപിക്കുക, സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും ചെയ്യുക, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ്.

സംഘത്തിന്റെ മികച്ച പ്രവർത്തനം കൊണ്ട് കർഷകർക്ക് അവരുടെ നെല്ലിന് ന്യായമായ വില ലഭ്യമാക്കുവാൻ സാധിക്കുമെന്നതിനാലും, നെല്ല് സംഭരിച്ച് അരിയാക്കി വിൽപ്പന നടത്തുന്നതിനായി ആധുനിക സജ്ജീകരണങ്ങൾ ഉള്ള മില്ല് സ്ഥാപിക്കുവാൻ മതിയായ പ്രവർത്തന മൂലധനം ആവശ്യമായ സാഹചര്യത്തിലും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി സ്വീകരിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി സംഘം പ്രൊമോട്ടിംഗ് കമ്മിറ്റി തീരുമാനമെടുത്ത് അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി സ്വീകരിക്കുന്നതിനു സംഘം നിയമാവലിയിൽ വ്യവസ്ഥയുള്ളതിനാലും, കേരളത്തിലെ നെൽ കർഷകരുടെ നിലവിലെ സാഹചര്യമനുസരിച്ച് ടി പദ്ധതി നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും സംസ്ഥാനത്തിനകത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിച്ചെടുക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള സംഘത്തിന്റെ അപേക്ഷയിൽ അനുവാദം നൽകാവുന്നതാണെന്ന് കോട്ടയം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 57 പ്രകാരം സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവ് പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. മേൽ വ്യവസ്ഥകളുടെയും തീരുമാനത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിർദ്ദേശം നൽകുന്നു.

കേരള പാഡി പ്രൊക്യുർമെന്റ്സ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഓഹരി മൂലധനം സമാഹരിക്കുന്നതിലേയ്ക്ക് എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും

അവയുടെ പൊതുഫണ്ട് ഉപയോഗിച്ച് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) ന്റെ ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നു. ഇതിലേക്കായി ബൈലോ ഭേദഗതി ആവശ്യമുള്ള സഹകരണ സ്ഥാപനങ്ങൾ ആയത് അംഗീകരിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**പി.ബി നൂഹ്. ഐ.എ.എസ്സ്**
സഹകരണസംഘം രജിസ്ട്രാർ

1.സെക്രട്ടറി, കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS)
2. ജോയിന്റ് രജിസ്ട്രാർ(ജനറൽ), കോട്ടയം
3.എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
4.എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
5.എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും
6. എഡിറ്റർ, സഹകരണ വീഥി പ്രസിദ്ധീകരണത്തിന്
7.രജിസ്ട്രാറുടെ മേശപ്പുറത്ത്
8. എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും
9. IT സെക്ഷൻ
10. സ്റ്റോക്ക് ഫയൽ
11. സ്പെയർ

//നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി.)